# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 26**

---

## എം.ജിയിൽ ഗവേഷണ വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് തുക വർധിപ്പിച്ചു

*ഗവേഷണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും യുവ ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണ വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പ് തുക 15000 രൂപയായി വർധിപ്പിക്കാൻ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു. ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്ന, പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് സാമ്പത്തിക ആശ്വാസം നൽകുന്നതിനും അവരുടെ പഠനവും ഗവേഷണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഇത് സഹായിക്കും. ഗവേഷണവുമായി ബന്ധപ്പെട്ട ചെലവുകൾ കൈകാര്യം ചെയ്യുന്നതിനും അടിസ്ഥാന ആവശ്യങ്ങൾ നിറവേന്നുന്നതിനും ഫെലോഷിപ്പ് വർധന ഉപകരിക്കും. ഇതിലൂടെ ഗവേഷണ നിലവാരം മെച്ചപ്പെടുകയും നവീന പഠനങ്ങൾക്കും ശാസ്ത്രീയ കണ്ടെത്തലുകൾക്കും വഴിയൊരുങ്ങുകയും ചെയ്യുമെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.സി.ടി. അരവിന്ദകുമാർ അറിയിച്ചു.*

*(പി.ആർ.ഓ/39/181/2026)*

## മികച്ച സർവ്വകലാശാലക്കുള്ള സംസ്ഥാന എൻ.എസ്.എസ് പുരസ്കാരം എം.ജി സർവകലാശാലക്ക് സമ്മാനിച്ചു

*മികച്ച സർവ്വകലാശാലക്കുള്ള സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ നാഷണൽ സർവ്വീസ് സ്കീം പുരസ്കാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.) സി.ടി അരവിന്ദകുമാർ ഏറ്റുവാങ്ങി. തിരുവനന്തപുരം വഴുതക്കാട് ഗവ. വിമെൻസ് കോളേജിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു പുരസ്കാരങ്ങൾ സമ്മാനിച്ചു.*

*എം.ജി സർവകലാശാല എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.ഇ.എൻ.ശിവദാസൻറെ നേതൃത്വത്തിലാണ് സർവകലാശാല നേട്ടം സ്വന്തമാക്കിയത്. പാലാ അൽഫോൻസ കോളേജിലെ സിമിമോൾ സെബാസ്റ്റ്യൻ മികച്ച പ്രോഗ്രം കോഓർഡിനേറ്ററിനുള്ള അവാർഡും അങ്കമാലി മോർണിംഗ് സ്റ്റാർ*

*ഹോം സയൻസ് കോളേജിലെ കാതറിൻ പോൾ മികച്ച വോളൻറിയർക്കുള്ള അവാർഡും കരസ്ഥമാക്കി.*

*183 കോളേജുകളിലായി 282 എൻ.എസ്.എസ്. യൂണിറ്റുകളും 28200 വോളൻറിയർമാരും എംജി സർവകലാശാലക്ക് കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്നേഹവീട് പദ്ധതിയുടെ ഭാഗമായി എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ 329 ഭവനങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. 346 കുടിവെള്ള സ്രോതസുകളും അൻപത്തി മൂന്നോളം ജൈവ വൈവിധ്യ പാർക്കുകളും സംരക്ഷിച്ചു വരുന്നു.*

*ഫോട്ടോ ക്യാപ്ഷൻ*

*മികച്ച സർവ്വകലാശാലക്കുള്ള സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ എൻ.എസ് .എസ് പുരസ്കാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.) സി.ടി അരവിന്ദകുമാറിനു സമ്മാനിക്കുന്നു. എം.ജി സർവകലാശാല എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.ഇ.എൻ.ശിവദാസൻ സമീപം.*

*(പി.ആർ.ഓ/39/182/2026)*

## അസിസ്റ്റൻറ് പ്രഫസർ; വാക്ക്-ഇൻ-ഇൻറർവ്യൂ നാളെ (ഫെബ്രുവരി 28)

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിൽ അസിസ്റ്റൻറ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇൻറർവ്യൂ നാളെ (ഫെബ്രുവരി 28) വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ നടക്കും.*

*ഒരു വർഷത്തേക്കാണ് നിയമനം. ഇംഗ്ലീഷ് (എസ്.ടി വിഭാഗം, ഓപ്പൺ വിഭാഗം) , ഹിന്ദി (മുസ്ലിം), പൊളിറ്റിക്കൽ സയൻസ് (ഓപ്പൺ വിഭാഗം) എക്കണോമിക്സ് ( ഓപ്പൺ വിഭാഗം) വിഷയങ്ങളിലെ ഒഴിവുകളിൽ യഥാക്രമം 10.30* am, *12* pm, *2* pm, *3* pm *സമയങ്ങളിൽ അഭിമുഖം നടക്കും.*

*താത്പര്യമുള്ളവർ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാ ഫോറവും യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളുമായി നിശ്ചിത സമയത്തിന് ഒരു മണിക്കൂർ മുൻപ് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ* (www.mgu.ac.in)

*(പി.ആർ.ഓ/39/183/2026)*

## ഫിറ്റ്നസ് ഇൻസ്ട്രക്ടർ; വാക്ക്-ഇൻ-ഇൻറർവ്യൂ

*എം.ജി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ ഫിറ്റ്നസ് സെൻററിൽ ഫിറ്റ്നസ് ഇൻസ്ട്രക്ടർ, വനിതാ ഫിറ്റ്നസ് ഇൻസ്ട്രക്ടർ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവിലേക്ക് താൽകാലിക കരാർ നിയമനം നടത്തുന്നതിനുള്ള വാക് ഇൻ ഇൻറർവ്യു മാർച്ച് 16ന് നടക്കും.*

*യോഗ്യത പ്ലസ്ടു/തത്തുല്യം. പ്രായം 21നും 45നും മധ്യേ. അംഗീകൃത സ്ഥാപനങ്ങളിൽ ആറുമാസത്തിൽ കുറയാതെ ഇൻസ്ട്രക്ടറെന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം മാർച്ച് 16ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ*
(mgu.ac.in)

*(പി.ആർ.ഓ/39/184/2026)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി പ്ലാൻറ് ബയോടെക്നോളജി, എംഎസ്.സി സൈക്കോളജി, എംഎസ്.സി സ്റ്റാറ്റിസ്റ്റിക്സ്, എംഎസ്.സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്), എംഎസ്.സി ഡാറ്റാ അനലിറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്, (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി മോളിക്യുലാർ ബയോളജി ആൻഡ് ജനറ്റിക് എൻജിനീയറിംഗ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*രണ്ടാം സെമസ്റ്റർ എൽഎൽഎം ബ്രാഞ്ച് 1 കൊമേഴ്സ്യൽ ലോ, (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ബ്രാഞ്ച് 2 ക്രിമിനൽ ലോ ആൻഡ് ബ്രാഞ്ച് 3 മാരിടൈം ലോ (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഒക്ടോബർ 2025 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 13 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

…………………………

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്)  എംഎസ്.സി മാത്തമാറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 13 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

…………………………

*അഫിലിയേറ്റഡ് കോളേജുകളിലെ ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ ലാംഗ്വേജ് (ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് (കെമിസ്ട്രി/സ്റ്റാറ്റിസ്റ്റിക്സ്/ഫിസിക്സ്), ഇന്റഗ്രേറ്റഡ് എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്,ഡേറ്റാ സയൻസ്) (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) ഒക്ടോബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 13 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/185/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നും നാലും സെമസ്റ്റർ എംഎ, എം.എസ്.സി, എംകോം (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് മാർച്ച് 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 17 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 18 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഓ/39/186/2026)*

## പരീക്ഷാ തീയതി

*അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ  അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം*

*മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 24 മുതൽ നടക്കും.*

.............................

*അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ  അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 23 മുതൽ നടക്കും.*

*(പി.ആർ.ഓ/39/187/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**